LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 23, ബുധൻ

വാല്യം 145] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2011 ഫെബ്രുവരി മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ *271.....

സഹകരണ മേഖലയിലെ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ

1 (*271) ശ്രീ. സാജുപോൾ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിലെ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ സംബന്ധിച്ച അന്വേഷണത്തെത്തുടർന്ന് എത്ര കേസുകൾ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തു ;

(സി) സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ചതിനുശേഷം എത്ര പരാതികൾ വിജിലൻസ് ആഫീസർക്ക് ലഭിച്ചു ; ഇതിൽ എത്രയെണ്ണത്തിന്റെ അന്വേഷണം പൂർത്തിയാക്കി ;

(ഡി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

GCPT. 2/778/2020.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ അഴിമതി ആരോപിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ചെയർമാനായി സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയുമടക്കം 11 അന്വേഷണ കമ്മീഷനുകളെ നിയോഗിച്ച് റിപ്പോർട്ട് വാങ്ങി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

2. സഹകരണ സംഘത്തിൽ അഴിമതി/ക്രമക്കേടുകൾ തടയാൻ, സഹകരണ വകുപ്പ് തലത്തിൽ സംഘങ്ങളിൽ പരിശോധനകൾ നടന്നുവരികയാണ്. പരിശോധനാ വേളയിലും ഓഡിറ്റ് വേളയിലും കണ്ടെത്തിയ ന്യൂനതകൾ/ക്രമക്കേടുകൾ എന്നിവയിന്മേൽ വിശദ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ/സഹകരണ നിയമപ്രകാരമുള്ള നടപടികൾ അടക്കം ഉത്തരവാദികളായവരുടെ പേരിൽ സ്വീകരിച്ചുവരുകയും ചെയ്യുകയാണ്. ക്രമക്കേടുകൾക്ക് ഭരണസമിതി ഉത്തരവാദിയാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയാൽ ഭരണസമിതിക്കെതിരെ കേരള സഹകരണ നിയമം/ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

3. അഴിമതി തടയുന്നതിലേക്കായി സംസ്ഥാനത്ത് ആദ്യമായി സഹകരണ വിജിലൻസ് വിഭാഗം ഒരു ഡി.ഐ.ജി.-യുടെ നേതൃത്വത്തിൽ രൂപീകരിക്കുകയും ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോ മേഖല യൂണിറ്റുകളും പ്രവർത്തിച്ചുവരികയാണ്. വിജിലൻസിനു നൽകുന്ന പരാതികളിൽ സമഗ്രമായ അന്വേഷണം നടത്തി ലഭിച്ച റിപ്പോർട്ടുകളിന്മേൽ രജിസ്ട്രാർ തലത്തിലും, ജോയിന്റ് രജിസ്ട്രാർ തലത്തിലും പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു.

4. സഹകരണ സംഘങ്ങളുടെ മേഖലയിൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനും അഴിമതി കുറയ്ക്കുന്നതിനുമായി ആദ്യമായി സഹകരണ നിയമത്തിൽ ഭേദഗതി വരുത്തുകയും ഓഡിറ്റ് ജനറൽ എന്ന ഒരു പോസ്റ്റുണ്ടാക്കി പ്രവർത്തിച്ചു വരികയുമാണ്. അദ്ദേഹത്തിന്റെ കീഴിൽ എല്ലാ ഓഡിറ്റർമാരേയും ഒരു പ്രത്യേക വിഭാഗമായി മാറ്റി ശക്തമായ ഓഡിറ്റിംഗ് ആരംഭിച്ചിരിക്കുകയാണ്. ഐ.എ.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് ഓഡിറ്റർ ജനറലായി നിയമിക്കാൻ നിയമത്തിൽ പറഞ്ഞിരിക്കുന്നത്. അതിനു പുറമെ ഓഡിറ്റ് സമകാലീനമാക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘം രജിസ്ട്രാറുടെ പൊതു നിയന്ത്രണത്തിൽ ഓഡിറ്റ് വിഭാഗം പ്രത്യേക വിഭാഗമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. ഇതിനുപുറമെ ബാങ്കിംഗ് റെഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ, ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിന് ഒരു ഇൻസ്പക്ഷൻ സെൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

6. കൂടാതെ സഹകരണ സംഘങ്ങളുടെ അഴിമതി തടയുന്നതിന്റെ ഭാഗമായി സഹകരണ നിയമത്തിൽ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ തുടർച്ചയായി 47 കേസുകൾ വിജിലൻസ് അന്വേഷണത്തിന് വകുപ്പ് തലത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. (പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അർബൻ ബാങ്കുകൾ, അപ്പെക്സ് ബോർഡ് ഇവയിൽ 500-ൽ പരം കേസുകളാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

(സി) സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ചതിനുശേഷം 201 പരാതികൾ സഹകരണ പോലീസ് വിജിലൻസിന് ലഭിക്കുകയുണ്ടായി. അതിന്മേൽ അന്വേഷണം നടത്തി 89 റിപ്പോർട്ടുകൾ സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ തലത്തിൽ നിയമാനുസൃത നടപടികൾ നടന്നുവരുന്നു.

(ഡി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഓഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. സഹകരണ വകുപ്പിനെ ഓഡിറ്റ് വിഭാഗം, ജനറൽവിഭാഗം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാക്കി തിരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വർണ്ണ പണയം വാങ്ങുന്നതിൽ തിരിമറി നടന്നു എന്ന് കണ്ടുപിടിച്ചതിനെ തുടർന്ന് മുഴുവായിരം ക്രെഡിറ്റ് ബാങ്കുകളുടെ എല്ലാ സ്വർണ്ണ പാക്കറ്റുകളും പരിശോധിക്കാൻ പറയുകയും 75 ലക്ഷം സ്വർണ്ണ പാക്കറ്റുകൾ മൂന്ന് മാസത്തിനുള്ളിൽ പരിശോധിച്ചപ്പോൾ ഏതാണ്ട് 200-ൽപ്പരം പാക്കറ്റുകളിലാണ് കുഴപ്പം കണ്ടെത്തിയത്. ഒരു ശതമാനത്തിൽപോലും കുഴപ്പമുണ്ടായിരുന്നു എന്നുള്ളതും വളരെ സന്തോഷകരമായ കാര്യമാണ്. കണ്ടുപിടിച്ചതിലെല്ലാം ശക്തമായ നടപടി സ്വീകരിച്ചു വരികയുമാണ്. സഹകരണ രജിസ്ട്രാർ പറയുന്നതിനപ്പുറം പലിശ വാങ്ങി അഴിമതി കാണിക്കുന്ന നടപടികൾ തിരുവനന്തപുരം അനന്തപുരി സഹകരണ സംഘത്തിൽ കാണുകയുണ്ടായി. അതുപോലെ തന്നെ ഡെപ്പോസിറ്റിന്മേൽ ഇഷ്ടമുള്ളവർക്ക് കൂടുതൽ പലിശ കൊടുക്കുന്ന നടപടിയും കാണുകയുണ്ടായി. അതിന്മേലെല്ലാം നടപടി സ്വീകരിച്ചുവരികയാണ്. അതുപോലെ 7 ശതമാനത്തിന് കാർഷിക വായ്പയും 12 ശതമാനത്തിന് മറ്റുള്ള തരത്തിലുള്ള വായ്പകളും നൽകിക്കൊണ്ട് ബ്ലെയ്ഡ് കമ്പനികൾക്ക് ചില സഹകരണ സംഘങ്ങൾ മറിച്ചു കൊടുക്കുകയും അവ 30 ശതമാനത്തിന് പുനർവായ്പ കൊടുത്ത് കമ്മീഷൻ വീതിച്ചെടുക്കുന്നതായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് വന്നതിനെതുടർന്ന് ഒരു സംഘത്തിന്റെ പേരിൽ ശക്തമായ നടപടി എടുക്കുകയും സംഘത്തെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി.-ക്ക് വിട്ട് പോസ്റ്റുകളിൽ അനധികൃത നിയമനം നടക്കുന്നു എന്ന് തെളിഞ്ഞാൽ പ്രസ്തുത നിയമനം റദ്ദ് ചെയ്യാനും ശക്തമായ നടപടി സ്വീകരിക്കാനും തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 88 സഹകരണ സംഘങ്ങളുടെ ഡെപ്പോസിറ്റ് പൂർണ്ണമായും ഇല്ലാതാക്കിയതിൽ 44 കോടി രൂപയാണ് നഷ്ടപ്പെട്ടത്. പല ബാങ്കുകളിലും ഗവൺമെന്റ് ഇടപെട്ട് പണം തിരിച്ചുകൊടുത്തു കൊണ്ടിരിക്കുകയും ഇതിനു ഉത്തരവാദികളായവരുടെ പേരിൽ സഹകരണ നിയമപ്രകാരവും ക്രിമിനൽ നിയമപ്രകാരവും നടപടികൾ സ്വീകരിച്ചുവരികയാണ്. അനധികൃതമായി ചെലവഴിക്കുന്ന പണത്തെക്കുറിച്ച് വ്യാപകമായ ഓഡിറ്റ് നടത്താനും സഹകരണമേഖലയിലെ നിക്ഷേപം അവിഹിതമായി ബ്ലെയ്ഡ് കമ്പനികളിലും മറ്റ് കമ്പനികളിലും നിക്ഷേപിക്കുന്നത് സംബന്ധിച്ചും നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ മേഖലകളിൽ നടക്കുന്ന വഴിവിട്ട പ്രവർത്തനങ്ങളെ ശക്തമായ നിലയിൽ ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. സാജുപോൾ : സർ, കേന്ദ്രസർക്കാർ ഏജൻസികളും സ്ഥാപനങ്ങളും കേന്ദ്രമന്ത്രിയും ഒരു മുൻ സംസ്ഥാന മന്ത്രിയും അടക്കം കോടിക്കണക്കിന് രൂപയുടെ അഴിമതിആരോപണങ്ങൾക്ക് വിധേയമാകുകയും അഴിമതിയുടെ പേരിൽ ജയിലിൽ കഴിയുകയും ചെയ്യുന്ന സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യതയും കോട്ടം തട്ടാതിരിക്കാൻ അഴിമതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാനും വിദ്യാഭ്യാസ വായ്പ, സ്വർണ്ണപ്പണയ വായ്പ തുടങ്ങിയവയിലെ തട്ടിപ്പുകൾ കർശനമായി തടയാനും സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, ശക്തമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. മൂവ്വായിരം ക്രെഡിറ്റ് ബാങ്കുകളിലെ 75 ലക്ഷം സ്വർണ്ണ പാക്കറ്റുകൾ മൂന്നുമാസക്കാലം കൊണ്ട് ആഡിറ്റ് ഉദ്യോഗസ്ഥന്മാർ പരിശോധിച്ചപ്പോൾ ഒരു ശതമാനം പോലും കൃത്രിമമില്ലെന്ന് കണ്ടുപിടിച്ചു. 200 പാക്കറ്റുകളിൽ കൃത്രിമം കണ്ടെത്തിയതിന്മേൽ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. സാജുപോൾ : സർ, സഹകരണ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള നിയമനങ്ങളുമായി ബന്ധപ്പെട്ട് വലിയ അഴിമതി നടന്നിട്ടുണ്ട്. ഓഡിറ്റ് സംവിധാനം ഇപ്പോൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി സർവ്വതല സ്പർശിയായി ഓഡിറ്റ് നടത്താനും ഇത്തരം സ്ഥാപനങ്ങളിൽ അഴിമതി വ്യാപകമാക്കാതിരിക്കാനും ഉള്ള പ്രത്യേക ശ്രദ്ധ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ ?

ശ്രീ. ജി. സുധാകരൻ : സർ, കുഴപ്പം കാണിക്കുന്ന ജീവനക്കാരുമായി ചേർന്ന് പ്രൊപ്പറായി ആഡിറ്റ് ചെയ്യാത്തതുകൊണ്ടാണ് പ്രത്യേകം ഓഡിറ്റ് വിഭാഗം രൂപീകരിച്ചതും നിയമത്തിൽ ഭേദഗതി വരുത്തി ഓഡിറ്റർ ജനറൽ എന്ന ഒരു പുതിയ തസ്തിക സൃഷ്ടിച്ചതും ഒരു ഐ.എ.എസ്. ഓഫീസറോ അല്ലെങ്കിൽ നാഷണൽ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥരോ ആയിരിക്കണം ആഡിറ്റർ ജനറൽ എന്ന് നിയമത്തിൽ പറയുകയും അങ്ങനെ യുള്ളവരെ നിയമിച്ച് ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം നടന്നുവരികയുമാണ്. ഉദ്യോഗസ്ഥന്മാർ അഴിമതിക്ക് കൂട്ടുനിന്നാൽ മാത്രമേ സഹകരണ സംഘത്തിൽ അഴിമതി നടക്കുകയുള്ളൂ എന്നാണ് ഗവൺമെന്റ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ധീരവും ജനകീയവുമായ നടപടിയാണ് സഹകരണ മേഖലയിൽ ഈ കഴിഞ്ഞ 5 വർഷക്കാലം സ്വീകരിച്ചിട്ടുള്ളത്. സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കാനും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിറുത്താനും അങ്ങ് നടത്തിയ ശ്രമങ്ങൾ ശ്ലാഘനീയമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സഹകരണ മേഖല നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, ചോദ്യവുമായി ബന്ധപ്പെട്ടതല്ല. വിശദമായ മറുപടി ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പ്രതീക്ഷിക്കരുത്. ഈ 5 വർഷക്കാലം കൊണ്ട് 60000 സഹകരണ വിപണന കേന്ദ്രങ്ങൾ നടത്തി. കമ്പോള വിലയേക്കാൾ വില കുറച്ചുകൊടുത്തു. 32 രൂപ വിലയുള്ള പഞ്ചസാര 20 രൂപയ്ക്ക് കൊടുത്തു. അരി 25 രൂപയ്ക്ക് വാങ്ങി 20 രൂപയ്ക്ക് കൊടുത്തു. കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ സംഘങ്ങളിലും ചെയ്തു.

ശ്രീ. രാജു എബ്രഹാം : സർ, അഴിമതിയില്ലാത്ത ഒരു സഹകരണ മേഖലയാണ് കേരളത്തിലെ ജനങ്ങൾ ഇന്ന് കാണുന്നത്. എന്നാൽ ഇന്നത്തെ പത്രത്തിൽ CAPE-ലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് ചില ആരോപണങ്ങൾ ഉയർന്നുവന്നതായി വാർത്ത കണ്ടു. CAPE-ലെ നിയമനങ്ങളുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ശ്രീ. ജി. സുധാകരൻ : സർ, ഇന്നത്തെ പത്രത്തിൽ വന്ന വാർത്ത വെറും തെറ്റിദ്ധാരണയാണ്. CAPE-ൽ ആരേയും സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. അത് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രകാരമുള്ള ഒരു സ്വാശ്രയ സ്ഥാപനമാണ്. ചെയർമാനെ കമ്മിറ്റിക്ക് നിയമിക്കാം, അങ്ങനെ നിയമപ്രകാരം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന നിയമനങ്ങൾ അല്ലാതെ പ്രത്യേക ഒരു നിയമനവും നടന്നിട്ടില്ല. അവിടെ ഒരു കുഴപ്പവും കാണിച്ചിട്ടില്ല. പത്രലേഖകർ അടക്കം തെറ്റിദ്ധാരണ മാറ്റണം.

ശ്രീ. എ. സി. മൊയ്തീൻ : സർ, സംസ്ഥാന സഹകരണ ബാങ്കിലെ കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് സ്ഥാപിച്ച നഴ്സിംഗ് പഠന സ്ഥാപനത്തിന്റെ മറവിൽ ആവശ്യമായ രേഖകളില്ലാതെ കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി എന്താണ് സ്വീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഭാവിയെ ഇത് ബാധിക്കുമോ ; വായ്പ തട്ടിപ്പ് നടത്തിയ വ്യക്തിയുടെ പേരിൽ ഉൾപ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, മാറിമാറിവന്ന യു.ഡി.എഫും എൽ.ഡി.എഫും ഭരിച്ച കാലത്തൊന്നും ഉണ്ടാകാത്ത അദ്ഭുതപൂർവ്വമായ ക്രമക്കേടാണ് കഴിഞ്ഞ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഭാരവാഹികൾ കാണിച്ചിട്ടുള്ളത്. അതിന്റെ വിശദാംശത്തിലേക്ക് ഞാൻ പോകുന്നില്ല. അതിനെപ്പറ്റി 2006-ൽ തന്നെ അഡീഷണൽ രജിസ്ട്രാർ അന്വേഷണം നടത്തിയിട്ടുണ്ട്. 21 കേസ്സുകളിൽ ഒരു തരത്തിലും കൊടുക്കാൻ പാടില്ലാത്ത വായ്പകൾ കൊടുക്കുകയും ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുമുണ്ട്. ആ കേസ്സുകളെല്ലാം വിജിലൻസ് പോലീസ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പ്രേംനാഥ് : സർ, കൃത്യമായും അതാതു വർഷം ഓഡിറ്റ് പൂർത്തിയാക്കി മാൻഡേറ്ററിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, ഓഡിറ്റ് മാൻഡേറ്ററിയാണ്. ഓഡിറ്റിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കാനുള്ള പുതിയ നിയമ ഭേദഗതി അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. എം. എം. മോനായി : സർ, സമയാസമയങ്ങളിൽ ഓഡിറ്റ് പൂർത്തീകരിക്കാത്ത മത്സ്യസംഘങ്ങളിലും കൈത്തറി സംഘങ്ങളിലും ഓഡിറ്റിംഗ് ജനറൽ എന്ന് പറയുന്ന പ്രത്യേക സംവിധാനം തുടങ്ങിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് കുടിശ്ശിക കാര്യക്ഷമമാക്കിയിട്ടുണ്ടോ ; എത്ര കുടിശ്ശികയുണ്ട് എന്നുള്ളത് വ്യക്തമാക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, എത്ര കുടിശ്ശികയുണ്ടെന്നുള്ളത് ഒരു നോട്ടീസ് തന്നാലെ പറയാൻ പറ്റുകയുള്ളൂ. എല്ലാം കാര്യക്ഷമമായി നടക്കുന്നുണ്ട്. വളരെ വേഗം ഓഡിറ്റ് നടത്താനുള്ള സംവിധാനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഓഡിറ്റിംഗ് ജനറലിനെ നിയമിച്ചത് വളരെ ഉപകാരമായി എന്നുള്ളതാണ് അനുഭവം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, സഹകരണ ബാങ്കുകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടശേഷവും ചില സ്ഥാപനങ്ങൾ നിയമനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം നിയമനങ്ങൾകൂടി വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ ?

ശ്രീ. ജി. സുധാകരൻ : സർ, അക്കാര്യത്തിൽ വിജിലൻസ് എൻക്വയറിയുടെ ആവശ്യമില്ല. പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങൾ ഏതൊക്കെയാണെന്നുള്ളത് നമുക്ക് സ്റ്റാറ്റ്യൂട്ടിന് വ്യക്തമാണ്. വിരുദ്ധമായിട്ട് ഒന്നും ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല.

ശ്രീ. പി. തിലോത്തമൻ : സർ, സഹകരണ മേഖലയിലെ അഴിമതി ഇല്ലാതാക്കാൻ അങ്ങ് സ്വീകരിച്ച നടപടികൾ വളരെ ശ്രദ്ധേയമാണ്. ഓഡിറ്റ് ജനറൽ എന്നതിൽ മണ്ട് ഡയറക്ട്രേറ്റ് തുടങ്ങിക്കുകയും ഡിപ്പാർട്ടുമെന്റ് പ്രത്യേകം പ്രത്യേകമായി തരം തിരിക്കുകയും ചെയ്തപ്പോൾ ജീവനക്കാർക്കിടയിൽ ഉണ്ടായ ആശങ്ക അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ജി. സുധാകരൻ : സർ, ജീവനക്കാരുടെ പ്രൊമോഷൻ നിയമാനുസരണമുള്ളത് അവിടെ കിട്ടും. പ്രൊമോഷൻ നടപ്പിലാക്കാൻവേണ്ടി മാത്രം സഹകരണ നിയമം ഉണ്ടാക്കാൻ പറ്റില്ല. സഹകരണ നിയമത്തിലുള്ള എല്ലാ പ്രൊമോഷനുകളും കിട്ടും അത് തടയുന്ന പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. കെ. അച്ചുതൻ : സർ, സഹകരണ സംഘത്തിലെ അഴിമതിക്കെതിരെ അങ്ങ് സ്വീകരിക്കുന്ന നിലപാടുകളെക്കുറിച്ച് എനിക്ക് നല്ല അഭിപ്രായമാണുള്ളത്. പക്ഷേ അതോടൊപ്പം സഹകരണ സംഘം ഇല്ലാതാക്കാൻ പോകുന്നുവെന്ന കാര്യം അങ്ങേക്ക് മനസ്സിലായിട്ടുണ്ടോ ; ഡെപ്പോസിറ്റിനുള്ള പലിശ നിരക്കിൽ നിയന്ത്രണം ഏർപ്പെടുത്താതെ ആവശ്യമായ പലിശ കൊടുക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട മെമ്പർ കെ. അച്ചുതൻ തെറ്റിദ്ധാരണകൊണ്ട് പറയുകയാണ്. എപ്പോഴും ഡെപ്പോസിറ്റിനുള്ള നമ്മുടെ പലിശ മറ്റ് ബാങ്കുകളെക്കാൾ ഒരു ശതമാനം കൂടുതലായിരിക്കും. ഇത് കണക്ക് പറയാതെ പറയാൻ പറ്റില്ല. ഒരു നാഷണലൈസ്ഡ് ബാങ്കിനോ ഒരു സ്വകാര്യ ബാങ്കിനോ നമ്മുടെ ബാങ്കിനേക്കാൾ കൂടുതലോ ഒരു ശതമാനത്തിൽ അടുത്തുള്ളതോ കാണുകയില്ല. ഞാൻ അങ്ങേക്ക് ഉറപ്പ് തരുകയാണ്. സകല ഷെഡ്യൂൾ ബാങ്കുകളും എടുക്കുക. ഉറപ്പായും, ഇപ്പോൾ ഇന്നോ ഇന്നലെയോ ഒരു ശതമാനം കൊടുത്തിരിക്കും, അതിനെപ്പറ്റി സംശയമുണ്ട്.

ശ്രീ. വി. ശശികുമാർ : സർ, സഹകരണ മേഖലയിലെ അഴിമതി തടയുന്നതിനെക്കുറിച്ചാണ് അങ്ങ് പറയുന്നത്. കണ്ണൂർ ആസ്ഥാനമായി, ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി പ്രവർത്തിക്കുന്ന 'അഗ്രീൻ കോ' എന്നു പറയുന്ന ഒരു സ്ഥാപനത്തിന്റെ ആഫീസ് പോലും ഇപ്പോൾ തുറക്കുന്നില്ലയെന്നുള്ള വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതിനെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. ജി. സുധാകരൻ : സർ, ഇത് നേരത്തെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. അന്വേഷണം നടന്നിട്ടുണ്ട്. അതിന്റെ പ്രവർത്തനം സാധാരണ നിലയിൽ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്മേൽ സഹകരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സഹകരണ മേഖലയിലെ ചില പരിഷ്കാരങ്ങളെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. കേരളത്തിലെ സഹകരണ മേഖലയിൽ നിന്നും ഏറ്റവും കൂടുതൽ പണം കടം കൊടുത്തിരിക്കുന്ന ഒരു സ്ഥാപനമാണ്. റബ്കോ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എറണാകുളം സഹകരണ ബാങ്ക്, കോട്ടയം ജില്ലാ സഹകരണ ബാങ്ക്, പാലക്കാട് ജില്ലാ സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നൊക്കെ പല ഘട്ടങ്ങളായി 380 കോടിയോളം രൂപ റബ്കോയ്ക്ക് കൊടുത്തിട്ടുണ്ട്. ഈ നിമിഷം വരെ നയാപൈസ അതിന്റെ തിരിച്ചടവ് ഉണ്ടായിട്ടില്ല. പലിശയും പിഴപ്പലിശയും അടക്കം സത്യത്തിൽ അവരിൽ നിന്ന് വമ്പിച്ച ഒരു തുക ഈടാക്കേണ്ടതാണ്. ഈ ഗവൺമെന്റ് എന്തുകൊണ്ടാണ് റബ്കോയോട് ഇങ്ങനെ ഒരു സൗഹൃദ മനോഭാവം സ്വീകരിക്കുന്നത്. അവർക്ക് കൊടുത്ത പണം തിരിച്ചു പിടിക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, റബ്കോ വാങ്ങിയ പണത്തിന്റെ മുതിപക്ഷവും കൊടുത്തിട്ടില്ലായെന്ന അങ്ങയുടെ ആക്ഷേപം വളരെ ശരിയാണ്. അത് ഞാൻ അംഗീകരിക്കുന്നു. പക്ഷേ അവരോട് പ്രത്യേക അനുഭാവം ഒന്നുമില്ല. എല്ലാ സഹകരണ പ്രസ്ഥാനത്തോടും ഒരുപോലെയാണ് സമീപനം. ഇതുപോലെ പല അപ്പക്സ് ബോഡികളും ഉണ്ട്. അതിന്റെ കാരണത്തിലേക്ക് ഞാൻ വരുന്നില്ല. ഉദാഹരണത്തിന് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ 200 കോടി രൂപയാണ് കൊടുക്കാനുള്ളത്. അവരുടെ കൈയിൽ പൈസ ഇല്ല. ഇത് എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നുവച്ചാൽ, ഗവൺമെന്റുകൾ

നൽകിയ വാഗ്ദാനങ്ങൾ പാലിച്ചിട്ടില്ല. 200 കോടി രൂപ റബ്കോയ്ക്ക് സംസ്ഥാന ഗവൺമെന്റ് കൊടുക്കാനുണ്ട്. ഗവൺമെന്റ് പറഞ്ഞ ജോലി അവർ ചെയ്യണം. കാശ് കൊടുത്തിട്ടില്ല. 150 കോടി രൂപ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന് കൊടുക്കാനുണ്ട്. റബ്ബർ വാങ്ങിച്ചു വയ്ക്കാൻ പറഞ്ഞതനുസരിച്ച് അവർ റബ്ബർ വാങ്ങിച്ചു വച്ചപ്പോൾ കമ്പോള വില കുറഞ്ഞതിനെത്തുടർന്നുണ്ടായ നഷ്ടം ഗവൺമെന്റ് നികത്തിയില്ല. ഈ പൈസ ഗവൺമെന്റ് കൊടുത്തു കഴിഞ്ഞാൽ ഈ സ്ഥാപനത്തിന് ഒരു പ്രശ്നവുമില്ല. ഗവൺമെന്റിന്റെ പക്കൽ പണം ഇല്ലാത്തതുകൊണ്ട് സഹകരണ പ്രസ്ഥാനവും അത് താങ്ങുകയാണ്. അവരെ ഏകപക്ഷീയമായി നമ്മൾ ആക്ഷേപിക്കാൻ പാടില്ലായെന്നതാണ് എന്റെ വാദം.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : സർ, മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുകൾക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞു. എത്ര വിജിലൻസ് കേസ്സുകൾക്കാണ് ശിപാർശ ചെയ്തിട്ടുള്ളത്. ആ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്. ?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, 500-ൽ ഏറെ കേസ്സുകളാണ് വിജിലൻസിന് ശിപാർശ ചെയ്തിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേത് ഇരുനൂറ്റി ചില്വാനം വരും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേത്. പ്രൈമറി ബാങ്കുകളിൽ നടക്കുന്നതാണ്. അത് ഗവൺമെന്റ് നേരിട്ട് ചെയ്യുന്നതല്ല. സഹകരണമേഖലയിൽ പ്രൈമറി ബാങ്ക്, സ്റ്റേറ്റ് ബാങ്കുകളിലും അപ്പെക്സ് ബോഡികളിലും സഹകരണ ഉദ്യോഗസ്ഥന്മാർ നടത്തിയതുൾപ്പെടെ 400-ഓളം കേസ്സുകൾ റഫർ ചെയ്തു. ജനറൽ പോലീസ് വിജിലൻസിന് റഫർ ചെയ്തു. ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന കോ-ഓപ്പറേറ്റീവ് ബോഡീസിന് ഈ ഗവൺമെന്റിന്റെ കാലത്ത് 100 കേസ്സുകൾ റഫർ ചെയ്തിട്ടുണ്ട്.

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വിഭാഗം കണ്ടെത്തുന്ന അപാകതകൾ, ഉദാഹരണത്തിന് മാനേജരെ നിയമിക്കുന്നതിനു പകരം ഹെഡ് ക്ലാർക്കിനെ അവിടെ നിയമിച്ചു. അത്തരത്തിലുള്ള അപാകതകൾ കണ്ടുപിടിച്ചാൽ അതിന് ഉത്തരവ് ഇറക്കാനുള്ള അധികാരം ആർക്കാണ് ; ഇൻസ്പെക്ടർക്ക് അതിന് അധികാരമുണ്ടോ ?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, നിയമനം സംബന്ധിച്ച് എല്ലാ അധികാരവും രജിസ്ട്രാർക്കാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, 'സ്കയിബിൾ' എന്നു പറയുന്ന ഒരു വ്യാജ സ്ഥാപനം വിദ്യാഭ്യാസ വായ്പാ ഇനത്തിൽ 50 കോടി രൂപയുടെ തട്ടിപ്പ് നടത്തിയെന്ന് പത്രവാർത്ത വന്നിട്ടുണ്ട്. നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ അടക്കം പേര് പറഞ്ഞുകൊണ്ടാണ് പത്രവാർത്ത വന്നിട്ടുള്ളത്. ഇതിന്റെ വല്ല വസ്തുതയുമുണ്ടോ ?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, 'സ്കയിബിൾ' എന്ന് പറയുന്ന സ്ഥാപനം പ്രതിപക്ഷ നേതാവിന്റേതല്ല. ആ സ്ഥാപനത്തിന് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് വഴിവിട്ട് സഹായങ്ങൾ ചെയ്തു. അതു വിജിലൻസ് കേസിൽ ഇരിക്കുന്ന ഒരു കാര്യമാണ്. അതിന്റെ ഒരു സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തുവെന്ന പത്രവാർത്തയാണ് വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി : സർ, സഹകരണ മേഖലയിലെ ഓഡിറ്റ് എന്നു പറയുന്നത് ഒരു പ്രഹസനം മാത്രമാണ്. ഓഡിറ്റ് വിഭാഗത്തിലെ കുറെ ഉദ്യോഗസ്ഥന്മാർ രാവിലെ വരും തോന്നിയപോലെ പോകും ഒന്നാംതീയതി ശമ്പളവും വാങ്ങിക്കൊണ്ട് പോകും. ഈ ഓഡിറ്റിന്റെ പുനഃസംഘടനയെക്കുറിച്ച ആലോചിക്കണം. അഞ്ച് വർഷക്കാലം ഓണച്ചന്തകളും ബക്രീദ് ചന്തകളും ക്രിസ്മസ് ചന്തകളും ഉൾപ്പെടെ നടത്താനും പൊതു വിപണിയിലെ വില നിലവാരം പിടിച്ചു നിർത്താനുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ നടത്തിയതിന് സഹകരണ ഡിപ്പാർട്ടുമെന്റിന് ലഭിച്ച ബഡ്ജറ്റ് സപ്പോർട്ട് എത്രയാണ് ; ആ ബഡ്ജറ്റ് സപ്പോർട്ടുകൊണ്ട് ഈ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിരുന്നോ ?

ശ്രീ. ജി. സുധാകരൻ : സർ, ബഡ്ജറ്റ് സപ്പോർട്ട് ഇപ്പോൾ 60 കോടിയോളം രൂപ കിട്ടിയിട്ടുണ്ട്. ബാക്കി ഫിനാൻസിന്റെ പരിശോധനയിലാണ്. സ്വാഭാവികമായും കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റ് ചെലവഴിക്കുന്ന പണം മുഴുവൻ ഫിനാൻസ് ഒരു കാലത്തും തന്നിട്ടില്ല. ആദ്യമായിട്ടാണ് ഇങ്ങനെയുള്ള ചന്തകൾ നടത്താൻ സപ്പോർട്ട് തന്നത്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, സഹകരണ സംഘങ്ങൾ ഓഡിറ്റ് ചെയ്യുന്നതിലേക്ക് ഓഡിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. കൈത്തറി സംഘങ്ങൾ പോലുള്ള ചെറിയ സംഘങ്ങൾക്ക് ഓഡിറ്റ് ഫീസ് അടയ്ക്കുവാൻ നിവൃത്തി ഇല്ലാതെ വർഷങ്ങളായി കുടിശ്ശിക വന്ന് ആർ.ആർ. നടപടികളിലേക്ക് നീങ്ങുന്നുണ്ട്. ഈ ഓഡിറ്റ് ഫീസ് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, തീർച്ചയായും അത് ഇപ്പോൾ ഗവൺമെന്റിന്റെ അടിയന്തര പരിഗണനയിൽ വന്നിരിക്കുന്ന കാര്യമാണ്. അത് പുനഃപരിശോധിച്ച് ആഡിറ്റ് ഫീ കുറയ്ക്കുന്ന കാര്യം സഹകരണ വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. പി. സി. ജോർജ് : സർ, കോട്ടയം ജില്ലയിലെ ഏറ്റവും പ്രമുഖ ബാങ്കായിരുന്ന ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് കോടികൾ വെട്ടിച്ചതുകൊണ്ട് ലിക്വിഡേഷനിൽ എത്തുന്ന നിലയിലാണ്. അവസാനം ജില്ലാ ബാങ്ക് പണം കൊടുത്ത് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വിജിലൻസ് എൻക്വയറി നടന്നു. നമ്മുടെ ശ്രീ. വി. എൻ. വാസവൻ ഇവിടെയില്ല. ജില്ലാ സെക്രട്ടറി, കെ. ജെ. തോമസ് ഇല്ല, യഥാർത്ഥ പ്രതികളെ ഇന്നുവരെ രംഗത്ത് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്നും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർക്ക് ഇതിൽ ഉത്തരവാദിത്തമുണ്ടെന്നും രാജ്യം മുഴുവൻ പ്രചരണം നടക്കുന്നു. കോട്ടയം ജില്ല മുഴുവൻ പ്രചരണം ഉണ്ട്. ഒരു കർത്താവായിരുന്നു അതിന്റെ പ്രസിഡന്റ്. അദ്ദേഹം നല്ലവനായ ഒരു മനുഷ്യൻ ആയിരുന്നു. അദ്ദേഹത്തെ പുറത്താക്കി. ഇന്നും അതിന്റെ പണം കൊള്ളയടിക്കുന്നവരിൽ നിന്ന് തിരികെ പിടിക്കുവാൻ ഈ ഗവൺമെന്റ് നടത്തിയ എൻക്വയറി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ; യഥാർത്ഥ പ്രതികളെ പിടിക്കാൻ തയ്യാറാകുമോ ?

ശ്രീ. ജി. സുധാകരൻ : സർ, എൻകയറിയൊക്കെ വ്യക്തമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലംമുതൽ നടന്നിട്ടുണ്ട്. ഇനി എൻകയറിയുടെ ആവശ്യമില്ല. കോടതിയിലൊക്കെ പോയി എന്തൊ തരികിട തിത്തെയ്യൊക്കെ നടക്കുന്നുണ്ട്. എന്തായാലും ഗവൺമെന്റ് അഴിമതിയുടെ പേരിൽ നടപടി സ്വീകരിക്കുന്നതിൽ ഉറച്ചു നിൽക്കും. അത് ഉറപ്പുനൽകുന്നു.

ശ്രീ. എം. ചന്ദ്രൻ : സർ, ഞാൻ ഇവിടെ സഹകരണ മേഖലയിലെ അഴിമതിയെ സംബന്ധിച്ച് ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുകയുണ്ടായി. അതിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തു നടന്ന രണ്ടായിരം കോടി രൂപയുടെ വെട്ടിപ്പുകളെ സംബന്ധിച്ച് അക്കമിട്ട് നിരത്തിയിരുന്നു. സംസ്ഥാന സഹകരണ ബാങ്ക്, കൊല്ലം ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് ഇവിടെയൊക്കെ നൽകിയ അനധികൃതമായ ലോണുകൾ പണയ വസ്തു ഇല്ലാത്ത ലോണുകൾ, ബിനാമി ലോണുകൾ ഇതിനെയൊക്കെ സംബന്ധിച്ച് വ്യക്തമായി പറഞ്ഞിരുന്നു. അതിനെ സംബന്ധിച്ച് അന്വേഷിച്ച് വല്ലതും കണ്ടെത്തിയിട്ടുണ്ടോ ; കുറ്റവാളികളെ ശിക്ഷിക്കുവാൻ വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ജി. സുധാകരൻ : സർ, 21-ഉം 40-ഉം ചേർത്ത് 61 വിജിലൻസ് കേസ്സുകളാണ്, വിജിലൻസ് ഡിപ്പാർട്ടുമെന്റിന് കൊടുത്തിട്ടുള്ളത്. എല്ലാം അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

ശ്രീ. എ. എ. ഷുക്കൂർ : സർ, അങ്ങ് കേപ്-ലേക്കുള്ള നിയമനങ്ങളെ കുറിച്ച് പറഞ്ഞിരുന്നു. കേപ്-ൽ നടന്നിട്ടുള്ള നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ ?

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ഇക്കാര്യത്തിൽ ശക്തമായ വിമർശനമുണ്ടെന്ന് എനിക്ക് അറിയാം. അത് ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ തെറ്റിദ്ധാരണാജനകമായ ഒന്നും പറയരുതെന്നു മാത്രമേ എനിക്കുള്ളൂ. സംവരണതത്വം കോൺട്രാക്ട് നിയമനത്തിൽപ്പോലും പാലിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. മൊത്തത്തിൽ സംവരണ തത്വം പാലിച്ചിട്ടുണ്ട്. ഏതെങ്കിലും വിഭാഗത്തിലുള്ള അപേക്ഷകർ കാണുകയില്ല. അങ്ങനെ സംഭവമുണ്ടാകാം. അപേക്ഷകർ ഇല്ലെങ്കിൽ നമ്മൾ അത് കൊടുക്കാൻ തയ്യാറാണ്. അവിടെ യാതൊരു പ്രശ്നവുമില്ല. ഒരു കാര്യം ഉറപ്പുതരികയാണ്, അപേക്ഷകൾ സമയത്ത് ഇല്ലാതെ വരുമ്പോൾ ചില വിഭാഗക്കാർ ഉണ്ടാവുകയില്ല. അപേക്ഷ വന്നാൽ ആ പ്രിവിയസ് അതിയേഴ്സ് തീർക്കുമെന്ന് ഉറപ്പുനൽകുന്നു. കാരണം ഗവൺമെന്റ് സ്ഥാപനമാണ്. കേപ്-ന്റെ നിയമപ്രകാരം ആണെങ്കിലും ഞാൻ ഉറപ്പുതരികയാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, സഹകരണ ബാങ്കുകളിൽനിന്ന് വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് പലിശ ഒഴിവാക്കി കൊടുക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിൽ ഒരു വാഗ്ദാനം നൽകിയതാണ്. കാർഷിക വായ്പയെടുത്ത് ആത്മഹത്യ ചെയ്തവരുടെ സംഖ്യ ഇപ്പോൾ കേരളത്തിൽ ഇല്ല. എന്നാൽ വിദ്യാഭ്യാസ വായ്പയെടുത്ത് പലിശയും മറ്റും

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചടയ്ക്കാൻ കഴിയാത്ത കുടുംബങ്ങളുടെ ആത്മഹത്യ ഉണ്ടാകാനിടയുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച വിദ്യാഭ്യാസ ലോണിനുള്ള പലിശ രഹിത വായ്പ നടപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; കേന്ദ്ര സർക്കാർ അതിന് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ?

ശ്രീ. ജി. സുധാകരൻ : സർ, ഈ സ്കീമിൽ സഹകരണ ബാങ്കുകളെ കേന്ദ്രം ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഗവൺമെന്റ് ഉൾപ്പെടുത്തണമെന്നു പറഞ്ഞ് ശക്തമായ രീതിയിൽ നിവേദനങ്ങൾ കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ നിവേദനം കൊടുക്കണമെന്ന് പറഞ്ഞ് കത്ത് തന്നിട്ടുണ്ട്. അത് ഞാൻ കൊടുത്തിട്ടുണ്ട്. കേരളത്തെ ഉൾപ്പെടുത്തേണ്ടതാണ്. എങ്കിൽപ്പോലും 12 ശതമാനം പലിശയുള്ള സ്ഥാനത്ത് 8 ശതമാനത്തിനാണ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്നും വിദ്യാഭ്യാസ വായ്പ കൊടുക്കുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ജില്ലാ ബാങ്കുകളാണ് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്ക് ഏറ്റവും വലിയ ധനസഹായം നൽകിയിട്ടുള്ളത്. ആ ജില്ലാ ബാങ്കുകളുടെ അപ്പെക്സ് ബോഡി എന്നുപറയുന്ന സംസ്ഥാന സഹകരണ ബാങ്ക് ആ തുക വഹിക്കുമെന്നാണ് അന്ന് അറിയിച്ചിരുന്നത്. പക്ഷേ ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്ക് അത് വഹിക്കുവാൻ സാധ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളാണെങ്കിൽ ഏറെ പ്രയാസത്തിലാണ്. കാരണം ജില്ലാ സഹകരണ ബാങ്കുകൾക്ക് പലിശ ഇനത്തിൽ സർക്കാർ നൽകുമെന്നു പറഞ്ഞ തുകയും നൽകാൻ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ എന്തു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത് ?

ശ്രീ. ജി. സുധാകരൻ : സർ, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം അഞ്ച് ലക്ഷം വീട് പൂർത്തിയാകുമ്പോൾ നാലായിരം കോടി രൂപ വായ്പ കൊടുക്കാമെന്നാണ് ക്യാബിനറ്റ് തീരുമാനിച്ചിട്ടുള്ളത്. ഫൈനാൻസ് വകുപ്പും ലോക്കൽ ബോഡീസും കോർപ്പറേഷനും കൂടി എടുത്ത തീരുമാനം അംഗീകരിച്ചു. അതിന്റെ പലിശ ഫൈനാൻസ് വകുപ്പാണ് തരുന്നത്. പക്ഷേ പലിശ കിട്ടുന്നതിനു മുമ്പേ താഴെയുള്ള ബാങ്കുകളുടെ പലിശ എടുത്ത ഒരു സ്ഥിതിയുണ്ടായി. അത് എടുക്കുവാൻ പാടില്ല എന്നുള്ള നിർദ്ദേശം കൊടുത്തു.

ശ്രീ. കെ. രാജു : സർ, സഹകരണ മേഖല ശക്തിപ്പെടുത്താൻവേണ്ടി അഞ്ച് നവരത്നം കേരളീയം എന്ന ഒരു പരിപാടി പ്രഖ്യാപിച്ചിരുന്നു. ആ ഒമ്പതിനു പരിപാടി വളരെ സമഗ്രമായി നടപ്പാക്കിയതിന്റെ ഭാഗമായി സഹകരണ മേഖലയ്ക്ക് ഒട്ടേറെ മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടുണ്ട്. എത്രത്തോളം അത് നമുക്ക് പ്രയോജനപ്രദമായിരുന്നു എന്ന് അങ്ങേക്ക് വിശദീകരിക്കുവാൻ കഴിയുമോ ?

ശ്രീ. ജി. സുധാകരൻ : സർ, വളരെ പ്രയോജനപ്രദമായിരുന്നു. ഇരുപതിനായിരം കോടി രൂപ ഡെപ്പോസിറ്റ് ഉണ്ടായിരുന്നത് ഇപ്പോൾ 70,000 കോടിരൂപയായി. 13,000 കോടിരൂപ ഉണ്ടായിരുന്ന ലോൺ പോർട്ട്ഫോളിയോ 60,000 കോടി രൂപയായി വർദ്ധിച്ചു. ഒരുപാട് സ്ഥാപനങ്ങൾ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൊത്തത്തിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടു. സഹകരണ വിപണനം നടന്നു. വിശദാംശത്തിലേക്ക് കടക്കുന്നില്ല. എല്ലാവരും കൂടി സഹകരിച്ചതിന്റെ ഫലമായി മൊത്തത്തിൽ സഹകരണ മേഖലയിൽ നേട്ടം ഉണ്ടായിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് കോൺഗ്രസ്സുകാരായ ബോർഡ് അംഗങ്ങൾ കൈക്കൂലി വാങ്ങിയ ഒരു കേസ് ഇപ്പോൾ നിലവിലുണ്ട്. ആ കേസ് ഇപ്പോൾ ഏതു ഘട്ടത്തിലായെന്ന് അറിയിക്കാമോ ?

ശ്രീ. ജി. സുധാകരൻ : സർ, ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് എനിക്ക് വ്യക്തമായി പറയാൻ കഴിയുകയില്ല. .....(തടസ്സം).....

പരിയാരം സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

2 (*272) ശ്രീ. പി. ജയരാജൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇവിടെ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ; ഓരോ കോഴ്സിനും എത്ര സീറ്റുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) ഇപ്പോൾ ഏതെല്ലാം സൂപ്പർ സ്പെഷ്യാലിറ്റികൾ പ്രവർത്തിക്കുന്നു ;

(ഇ) ആശുപത്രിയുടെ വികസനത്തിനായി ഏതെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) പരിയാരം മെഡിക്കൽ കോളേജുകളിൽ പുതുതായി 6 വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങാനുള്ള അനുമതി മെഡിക്കൽ കൗൺസിലിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കോഴ്സുകൾ ഈ അദ്ധ്യയന വർഷം തന്നെ ആരംഭിക്കും. വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. സീറ്റ് 100-ൽ നിന്ന് 160 ആയി വർദ്ധിപ്പിക്കാനുള്ള നടപടികൾ തുടങ്ങി. കൂടാതെ, പാരാമെഡിക്കൽ വിഭാഗത്തിൽ മൂന്ന് പുതിയ കോഴ്സുകൾ ആരംഭിച്ചു.

(ബി) മെഡിക്കൽ കോളേജിലെ ഓരോ കോഴ്സുകളുടെയും ആയതിന്റെ സീറ്റുകളേയും സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly